പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4266 20.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസുകളുടെ രാത്രികാല സ്റ്റോപ്പുകൾ സംബന്ധിച്ച നിബന്ധന

ചോദ്യം

ശ്രീ. കെ.എം.ഷാജി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനിത യാത്രക്കാർക്ക് വൈകുന്നേരം 6 മണിക്ക് ശേഷം, അവർ ആവശ്യപ്പെടുന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തിക്കൊടുക്കണമെന്ന നിബന്ധന പാലിക്കുന്നതിൽ ബസ്സ് ജീവനക്കാർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കർശനമായി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനിതായാത്രക്കാർ വൈകുന്നേരം 06.00 മണി മുതൽ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തണം എന്ന് നിർദ്ദേശിച്ചിരിക്കുന്ന ശ്രേണിയിൽപ്പെട്ട സർവ്വീസുകളിൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് വിപരീതമായി ശ്രദ്ധയിൽപ്പെട്ട സംഭവങ്ങളിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ രാത്രി 8 മണി മുതൽ പുലർച്ചെ 6 മണി വരെ ആരാവശ്യപ്പെട്ടാലും എവിടെ വേണമെങ്കിലും നിർത്തിക്കൊടുക്കണമെന്ന നിബന്ധന പാലിക്കപ്പെടാതിരിക്കുന്നത് തടയുന്നതിന് തയ്യാറാകുമോ; | (ബി) | രാത്രി 08.00 മണിക്കും രാവിലെ 06.00 മണിക്കും ഇടയിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുള്ള ശ്രേണിയിലെ സർവ്വീസുകളിൽ ടി നിർദ്ദേശം പാലിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ നിബന്ധനകളിൽ നിന്ന് ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളെ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ദേശസാൽക്കരിക്കപ്പെട്ട സൂപ്പർക്ലാസ് സർവ്വീസുകളിൽ സൂപ്പർ എക്സ്പ്രസ് മുതൽ മുകളിലേക്കുള്ള ശ്രേണിയിലെ സർവ്വീസുകളെ മോട്ടോർ വാഹന നിയമം 1988, വകുപ്പ് 98, 103 എന്നിവ നൽകുന്ന സവിശേഷ അധികാര അവകാശങ്ങൾ അനുസരിച്ച് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ